പബ്ലിക് സർവ്വീസ് കമ്മീഷനിലൂടെ നിയമനം ലഭിക്കുന്ന വനിതകളുടെ സംഖ്യ

27 [1132] ശ്രീമതി റോസമ്മ ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷനിലൂടെ നിയമനം ലഭിക്കുന്നവരിൽ വനിതകളുടെ സംഖ്യ കുറവാണ് എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) വനിതകൾക്ക് സർക്കാർ സർവ്വീസിലേക്കുള്ള നിയമനങ്ങളിൽ ആനുപാതിക പ്രാതിനിധ്യം ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പി. എസ്. സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോഴോ, നിയമനം നൽകുമ്പോഴോ വനിതകളുടേയും പുരുഷൻമാരുടേയും എണ്ണം പ്രത്യേകം പ്രത്യേകമായി രേഖപ്പെടുത്തി സൂക്ഷിക്കാറില്ല. ആയതിനാൽ ഇതു സംബന്ധിച്ച് ഖണ്ഡിതമായ ഒരു മറുപടി നൽകാൻ നിർവ്വാഹമില്ല.

(ബി) ഇത്തരം നിർദ്ദേശങ്ങളൊന്നുംതന്നെ പരിഗണനയിലില്ല.

കുറഞ്ഞ കാലയളവുകൊണ്ട് നടപടി പൂർത്തീകരിച്ച പി. എസ്. സി. ലിസ്റ്റ്

28 [1133] ശ്രീ. നാലകത്ത് സൂപ്പി:
,, കെ. എം. സൂപ്പി:
,, കല്ലടി മുഹമ്മദ്:
,, എ. യൂനസ് കുഞ്ഞ്:
,, കെ. കെ. അബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെൻറിന്റെ കാലത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ ഇറക്കിയ തീയതി മുതൽ നിയമനം നടത്തിയ തീയതിവരെയുള്ള കാലയളവുകളിൽ ഏറ്റവും കുറഞ്ഞ കാലയളവുകൊണ്ട് നടപടി പൂർത്തിയാക്കിയത് ഏതു തസ്തികകളിലേക്കുള്ള നിയമനത്തിനായിരുന്നു;

(ബി) അതിന്റെ കാലയളവ് എത്ര;

(സി) ഈ ഗവൺമെൻറ് വന്നശേഷം നിയമനങ്ങളിൽ ഏറ്റവും കുറഞ്ഞ കാലയളവ് എടുത്തത് ഏത് തസ്തികയിലേക്കുള്ള നിയമനത്തിലേക്കായിരുന്നു;

(ഡി) ഈ കാലദൈർഘ്യം ഇനിയും കുറയ്ക്കാൻ ഗവൺമെൻറ് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കാലതാമസം കുറയ്ക്കുന്നതിനു താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ സമാനതസ്തികകളുടെ യോഗ്യത ഏകീകരിച്ച് ഒരു പൊതു പരീക്ഷയിലൂടെ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് വിശദപഠനം നടത്തി ശുപാർശകൾ സമർപ്പിക്കാൻ ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിമിതമായ തോതിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കോഴിക്കോട്ടും എറണാകുളത്തും ഓരോ റീജിയണൽ ആഫീസുകൾ പ്രവർത്തനമാരംഭിച്ചു. ജോലിഭാരം കുറയ്ക്കുന്നതിനായി വിവിധ തലങ്ങളിൽ 100 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ എൽ. ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

29 [1134] ശ്രീ. ജോർജ്ജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. ക്ലാർക്കുമാരെ തെരഞ്ഞെടുക്കുന്നതിനായി പാലക്കാട് ജില്ലാ പി. എസ്. സി. ഓഫീസ് തയ്യാറാക്കിയിട്ടുള്ള എൽ. ഡി. സി. റാങ്ക് ലിസ്റ്റിൽ എത്രപേരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ജില്ലയിൽ വിവിധ വകുപ്പുകളിലായി എൽ. ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകളെല്ലാം പി. എസ്. സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1716 പേർ.

(ബി) 235 പേർക്ക്.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

വികലാംഗരായ ഉദ്യോഗാർത്ഥികളുടെ നിയമനം

30 [1139] ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് നിയമനങ്ങളിൽ നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly